## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 826 — 11-07-2016-ൽ മറുപടി നൽകേണ്ടത്

# കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | പ്രൊഫ.സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അംഗീകാരം നഷ്ടമാകുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) ഉണ്ട്.<br>ബി.എഡ്/എം.എഡ് കോഴ്സിന്റെ ദൈർഘ്യം 2015-16 അദ്ധ്യായന വർഷം മുതൽ രണ്ട് വർഷമാക്കിയതിനാൽ കേന്ദ്ര സർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറി ബോഡിയായ നാഷണൽ കൌൺസിൽ ഫോർ റ്റീച്ചർ എഡ്യൂക്കേഷനിൽ നിന്നും തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ റ്റീച്ചർ എഡ്യൂക്കേഷൻ കോളേജിന് M.Edകോഴ്സിനുള്ള അംഗീകാരം നഷ്ടപ്പെട്ടിട്ടുണ്ട്.<br>കാലിക്കറ്റ് സർവ്വകലാശാല നേരിട്ടു നടത്തുന്ന 11 ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിൽ ചിലതിനു എൻ.സി.ടി.ഇ യുടെ ചില നിബന്ധനകൾ പാലിക്കുന്നതിന് കാലതാമസം വന്നതിനാൽ അംഗീകാരം നഷ്ടമാകുന്ന സാഹചര്യമുണ്ട്.<br>കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന രാജീവ് മെമ്മോറിയൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, മട്ടന്നൂർ എന്ന സ്ഥാപനത്തിന്റെ എൻ. സി. റ്റി. ഇ അംഗീകാരം |
| ബി) എങ്കിൽ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോ; | |

| | |
|---|---|
| | ഭൗതീക സാഹചര്യങ്ങളുടെ അഭാവത്താലും സ്ഥിരം കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാത്തതിനാലും നഷ്ടപ്പെട്ടിട്ടുണ്ട്.<br>ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളുടെ കാര്യത്തിൽ സ്ഥിരമായ കെട്ടിടം, നിശ്ചിതയോഗ്യതയുള്ള അധ്യാപകർ, 12 ലക്ഷം രൂപ സ്ഥിരം നിക്ഷേപം മുതലായവ എൻ.സി.റ്റി.ഇ നിഷ്കർഷിക്കുന്നുണ്ട്. ഈ നിബന്ധനകൾ പൂർണമായി പാലിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാല നേരിട്ടു നടത്തുന്ന ചില ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾക്ക് കഴിഞ്ഞിട്ടില്ല. സർവ്വകലാശാലകളുടെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന യു.ജി.സി നിബന്ധനകൾ പൂർണമായും പാലിച്ചു യു.ജി.സി.ക്കു സത്യവാങ്മൂലം സമർപ്പിക്കുന്നതിൽ സർവ്വകലാശാലക്ക് സാവകാശം ആവശ്യമായി വന്നതിനാലാണ് ഈ കോഴ്സുകളുടെ അംഗീകാരം റദ്ദാക്കാൻ ഇടവന്നത്. ഇതിനകം എല്ലാ യു.ജി.സി. നിബന്ധനകളും പാലിച്ചു ഉത്തരവിറക്കുകയും യു.ജി.സി.ക്കു സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന്റെ അംഗീകാരം 2015-16 ൽ യു.ജി.സി പിൻവലിച്ചിട്ടുണ്ട്.<br>കൂടാതെ കാലിക്കറ്റ് സർവ്വകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം മുഖേന നടത്തുന്ന കോഴ്സുകളുടെ അംഗീകാരവും യു.ജി.സി. റദ്ദാക്കിയിട്ടുണ്ട്. |
| സി) ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ | സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എൻജിനിയറിങ് കോളേജുകൾ, പോളിടെക്നിക് കോളേജുകൾ എന്നിവയ്ക്ക് എ.ഐ.സി.ടി.ഇ യുടെ (ആൾ |

| | |
|---|---|
| ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ? | ഇന്ത്യ കൌൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ) അംഗീകാരം ആവശ്യമാണ്. സ്ഥാപനങ്ങളിൽ എ.ഐ.സി.ടി.ഇ. മാനദണ്ഡം പ്രകാരമുള്ള അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുക, അധ്യാപക തസ്തികകൾ സൃഷ്ടിക്കുക എന്നീ കാര്യങ്ങൾ സർക്കാർ പരിഗണനയിലാണ്.<br><br>കേരള സർവ്വകലാശാല നടത്തുന്ന വിദൂര വിദ്യാഭ്യാസ സ്ഥാപനത്തിന് അംഗീകാരം പുന:സ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടികളുടെ ഭാഗമായി യൂ.ജി.സി നിബന്ധന അംഗീകരിക്കുന്നതിന് വേണ്ടി 30/07/2015 ൽ കൂടിയ സർവ്വകലാശാല സിൻഡിക്കേറ്റ് Leaner Support Centre കൾ നിർത്തലാക്കുകയും യൂ.ജി.സി നിഷ്കർഷിച്ച സത്യവാങ്മൂലവും, മറ്റ് അനുബന്ധ രേഖകളും യൂ.ജി.സിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലെ കോഴ്സുകളുടെ കേന്ദ്ര റെഗുലേറ്ററി ബോഡികൾ നിഷ്കർഷിച്ചിട്ടുള്ള അദ്ധ്യാപക അനധ്യാപക തസ്തികകളിലുള്ള കുറവുകൾ, ലൈബ്രറി - ലാബ് സൌകര്യം, കെട്ടിടത്തിന്റെ പരിമിതികൾ, മറ്റ് ഉപകരണങ്ങൾ, ജേർണലുകൾ മുതലായ മാനദണ്ഡങ്ങൾ അതതു സ്ഥാപനങ്ങളിൽ പാലിക്കുവാൻ വേണ്ട കരുതൽ നടപടികൾ പരിശോധിച്ചുവരുന്നു.<br><br>കാലിക്കറ്റ് സർവ്വകലാശാല നേരിട്ട് നടത്തുന്ന എല്ലാ അദ്ധ്യാപക പരിശീലനകേന്ദ്രങ്ങളിലും എൻ.സി.റ്റി.യുടെ നിബന്ധനകൾ പൂർണമായും പാലിക്കാൻ സാധ്യമായ നടപടികൾ സർവ്വകലാശാല സ്വീകരിച്ചുവരുന്നു. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച വർഷാവർഷം യൂ.ജി.സി യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | |
|---|---|
| | എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ അഫിലീയേറ്റ് ചെയ്ത കോളേജുകളുടെ അദ്ധ്യയന നിലവാരവും ഭൌതിക സാഹചര്യങ്ങളും അദ്ധ്യാപകരുടെ അനുപാതവും സർവ്വകലാശാല അക്കാഡമിക്ക് ഓഡിറ്റിംഗ്, എക്സ്പേർട്ട് വിസിറ്റ് കമ്മറ്റി എന്നിവ വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ